കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ചിങ്ങോലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018 -2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.7-874/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.06.11.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിങ്ങോലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചിങ്ങോലി ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം. 1ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി.7-874/2019 തീയതി: 06.11.2019

# ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2018 മുതൽ 31.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.08.2019 മുതൽ<br>20.08.2019 വരെ<br>(12.08.19,13.08.19,14.08.19-out of camp) | ശ്രീ. ബി.ലിജിലാൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ. ചന്ദ്രശേഖരൻ.ജി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. രാജി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

1) <u>പ്രസിഡന്റ്</u>

| | |
|---|---|
| ശ്രീ.എച്ച്.നിയാസ് | 01.04.2018 മുതൽ 31.03.2019 വരെ |

2) <u>സെക്രട്ടറി</u>

| | |
|---|---|
| ശ്രീ. പി.സുരേഷ് പ്രഭു | 01.04.2018 മുതൽ 08.06.2018 FN വരെ |
| ശ്രീ.കെ.വിദ്യാധരൻ<br>(സെക്രട്ടറി ഇൻ ചാർജ്) | 08.06.2018 AN മുതൽ 21.06.2018 വരെ |
| ശ്രീ.ഉല്ലാസ് കുമാർ.റ്റി | 22.06.2018 മുതൽ 31.03.2019 വരെ |

3.<u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീ.സുരേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ.പി.ജി.ശാന്തകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സജിനി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ധനകാര്യം | ശ്രീമതി.ആനന്ദവല്ലി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു സാറാ എബ്രഹാം | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അംബികാദേവി | 01.04.2018 മുതൽ<br>09.03.2019 വരെ |
| | ഡോ.വേണുഗോപാൽ.എസ് | 10.03.2019 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലക്ഷ്മി.എസ്. നായർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ലാലസ്.വി.എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രജിതാശേഖർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ്മാ ജോൺസ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അപ്പൻ.വി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ്, ചൂരവിള എൽ.പി. എസ്. | ശ്രീമതി.ഗംഗ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അഷറഫ്ഖാൻ | 01.04.2018 മുതൽ 15.08.2018 വരെ |
| | ശ്രീമതി.രശ്മി.എൻ | 16.08.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി.സുധി സോമരാജൻ | 19.09.2018 മുതൽ 24.10.2018 വരെ |
| | ശ്രീമതി.അൻജിത്ത്.ബി.മോഹൻ | 25.10.2018 മുതൽ 06.03.2019 വരെ |
| | ശ്രീ.അമൽ. ആർ | 07.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാജീവ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ഹാഷിദ്.എച്ച് | 01.04.2018 മുതൽ 19.10.2018 വരെ |
| | ശ്രീമതി.ലീന ഡെന്നീസ് | 20.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.വിദ്യാധരൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം.1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | |

| | | |
|---|---|---|
| 12 | 1-12 | വാർഷികകണക്കിലെ അപാകതകൾ. |
| 13 | 1-13 | ടെന്റർഫീസിനത്തിൽ ഒടുക്കിയ 33035/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 14 | 1-14 | നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 15 | 1-15 | വസ്തുനികുതി പിരിവിൽ വീഴ്ച –6,43,705/- ലക്ഷം കുടിശ്ശിക |
| 16 | 1-16 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ |
| 17 | 1-17 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 18 | 1-18 | ഓഡിറ്റ് ഇംപാക്ട് സ്ഥാപനനികുതി,മോട്ടർ റണ്ണിംഗ് ഫീസിനങ്ങളിൽ 1700/-രൂപ അടവാക്കി |
| 19 | 1-19 | മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ അധിക ചെലവ്- ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 11770/- രൂപ തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട് |
| 20 | 1-20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തീറ്റപ്പുൽ കൃഷിയ്ക്കായി ഏറ്റെടുത്ത പ്രവൃത്തികളിൽ ക്രമപ്രകാരമല്ലാത്ത ചെലവ് |
| 21 | 1-21 | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം- പ്രവൃത്തിയുടെ പൂർത്തീകരണത്തിനുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയില്ല |
| 22 | 1-22 | തെരുവു വിളക്കു പരിപാലനം - പദ്ധതി നിർവ്വണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തി |
| 23 | 1-23 | പോത്തുകുട്ടി വിതരണം - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ |
| 24 | 1-24 | മൃഗാശുപത്രിയ്ക്കു മരുന്നു വാങ്ങൽ -സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 25 | 1-25 | പാലിയേറ്റീവ് കെയർ പദ്ധതി - നൽകിയ തുകക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചില്ല |
| 26 | 1-26 | അഗതി ആശ്രയ പദ്ധതി - ചലഞ്ച് ഫണ്ട് ഉണ്ടായിട്ടും ഭക്ഷണവിതരണം നടന്നില്ല |
| 27 | 1-27 | സാക്ഷരതാ തുല്യത – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 28 | 1-28 | ലൈഫ് ഭവന പദ്ധതി -അവലോകനം |
| ഭാഗം.2 | | ഇല്ല |
| ഭാഗം.3 | | ഇല്ല |
| 29 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 36 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 37 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 39 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 40 | അനുബന്ധം.2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |

| | | |
|---|---|---|
| | | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## I-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.18 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 175 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ തയ്യാറാക്കുന്ന വികസന രേഖകൾ കണക്കിലെടുത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ജനുവരി പതിനഞ്ചിന് മുൻപ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ആയതിന്റെയും വിവരങ്ങൾ മിനുട്സിൽ ഇല്ല.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 107706758 | 102074443 |
| വാർഷിക കണക്ക് പ്രകാരം | 51728123 | 49171355 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക കൂടി പരിഗണിച്ചാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് വാസ്തവികമായി തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 29.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എൽപി-പി.7-755/19തീയതി 29.06.2019 പ്രകാരം വാർഷിക ധനകാര്യ പത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9356038 |
| വരവ് | 51728123 |
| ആകെ | 61084161 |
| ചെലവ് | 49171355 |
| നീക്കിയിരിപ്പ് | 11912806 |

## 1-5 ഫണ്ട് വിനിയോഗം.(എസിആര്‍ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറല്‍) | - | 9323000 | 9323000 | *9322990 | 10 |
| എസ്.സി.പി | - | 3443000 | 3443000 | 3442817 | 183 |
| ടി.എസ്.പി | - | 84000 | 84000 | 72900 | 11100 |
| സി.എഫ്.സി | - | 4327000 | 4327000 | 3108256 | 1218744 |
| കെ.എല്‍.ജി.എസ്.ഡി.പി | - | - | - | - | - |
| മെയിന്റനന്‍സ് ഗ്രാന്റ് (റോഡ്) | - | 343600 | 3436000 | 3422190 | 13810 |
| മെയിന്റനന്‍സ് ഗ്രാന്റ് (നോണ്‍ റോഡ്) | - | 2780000 | 2780000 | 2768570 | 11430 |
| എന്‍.ആര്‍.ഇ.ജി.എസ് | 2839 | 523311 | 526150 | 523176 | 2974 |
| തൊഴിലാളികളുടെ കൂലി | - | 25788129 | 25788129 | 25788129 | - |
| ബി.ഫണ്ട് | - | 289200 | 289200 | 289200 | - |
| ദുരിതാശ്വാസ ഫണ്ട് | 6287 | - | 6287 | - | 6287 |
| ട്രഷറി-റ്റി.എസ്.ബി ജോയിന്റ് വെഞ്ച്വര്‍ | 51047 | ** 4886662 | 4937709 | 2831722 | 2105987 |
| ട്രഷറി-റ്റി.എസ്.ബി (ജനറല്‍പര്‍പ്പസ്) | 158201 | 8748809 | 8907010 | 7823793 | 1083217 |
| സാക്ഷരത | 4925 | 175 | 5100 | - | 5100 |
| തനത്ഫണ്ട് | 7677069 | 8335321 | 16012390 | 8144520 | 7867870 |
| ക്യാഷ് (തനത് ഫണ്ട്) | 85870 | - | - | - | 19519 |
| സമ്പൂര്‍ണ്ണ ശുചിത്വ യജ്ഞം | 1350706 | 173744 | 1524450 | 1130700 | 393750 |
| യൂണിയന്‍ ബാങ്ക് | 2775 | 98 | 2873 | - | 2873 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ്-യൂണിയൻ ബാങ്ക് | - | 333351 | 333351 | 89 | 333262 |
| ഇ-പേയ്മെന്റ് | 11579 | 73078 | 84657 | 649 | 84008 |
| എസ്.ബി.ഐ ലൈഫ് | 4740 | 7364866 | 7369606 | 7361647 | 7959 |

**കുറിപ്പ്:- 1.*വികസനഫണ്ട് (ജനറൽ) വെള്ളക്കരം സോഴ്സ് ഡിഡക്ഷൻ 11743/- രൂപ ഉൾപ്പെടെയുള്ള ചെലവ്.**

**2.** Redemption amount -273528/-**

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 122 | 66013572 | 86 | 35689749 | 9 | 27 | 70% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2839 | 523311 | 526150 | 523176 | 2974 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 25788129 | 25788129 | 25788129 | - |
| ആകെ | 2839 | 26311440 | 26314279 | 26311305 | 2974 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 148320 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 5733100 | 473 |
| വിധവാ പെൻഷൻ | 6242000 | 527 |
| വാർദ്ധക്യകാല പെൻഷൻ | 10970300 | 976 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 1613800 | 123 |
| അവിവാഹിത പെൻഷൻ | 659700 | 52 |
| വിവാഹധനസഹായം<br>(വിധവകളുടെ പെൺമക്കൾക്ക്) | 90000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2019-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20135/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല.
3. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്. ബ്ലോക്ക് പഞ്ചായത്തും PWD യും പഞ്ചായത്ത് അധീനതയിലുള്ള സ്ഥലങ്ങളിൽ നടപ്പാക്കിയ പ്രവൃത്തികൾ വഴിയും MP/MLA ഫണ്ടുപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ വഴിയും സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഉൾപ്പെടെയുള്ളവ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല.
4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
5. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി വരുന്നതായി കണ്ടില്ല.
6. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്കൊന്നും നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
7. ഓഫീസിന്റെ ഭൗതികസൗകര്യങ്ങളിൽ ഒട്ടേറേ പരിമിതിയുള്ള പഞ്ചായത്തിൽ ഓഫീസാവശ്യത്തിനായി 03/18 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഇലക്ട്രിഫിക്കേഷനടക്കം അനുബന്ധസൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ഓഡിറ്റ് വേളയിലും (08/19)പ്രസ്തുത കെട്ടിടം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
8. സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതി ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.07.2019 | 06/19 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2017 മുതൽ<br>22.02.2017 വരെ | 2011-12 മുതൽ<br>2015-16 വരെ | 27.03.2017 |

## 1-12 വാർഷികകണക്കിലെ അപാകതകൾ.

കെ.എസ്.എ-എൽപി-പി.7-755/19 തീയതി 29.06.19 ആയി പുറപ്പെടുവിച്ച വാർഷിക ധനകാര്യപത്രിക പരിശോധന റിപ്പോർട്ടിൽ പ്രതിപാദിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതയുടെ വിവരം ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾക്കായി കെ.എം.എസ്.സി.എൽ - ന് നൽകിയ തുകയിൽ ബാക്കി നിൽക്കുന്ന മരുന്നുകളുടെ വിലയായ 32900/-രൂപ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള 43536/- രൂപയുടെ വരവ് നിശ്ചിത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 ടെന്റർഫീസിനത്തിൽ ഒടുക്കിയ 33035/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2015-16 മുതൽ 2018-19 വരെ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 46185/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുകയിൽ 2016-17 വർഷം ഒടുക്കിയ 13150/- രൂപ മാത്രമാണ് തിരികെ ലഭിച്ചതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തി കളുടെ എണ്ണം | ടെന്റർ ഫീസിന ത്തിൽ ഒടുക്കിയ തുക | തിരികെ ലഭിച്ച തുക | ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 2015-16 | 2 | 15775 | - | 15775 |
| 2016-17 | 2 | 13150 | 13150 | |
| 2017-18 | 2 | 2980 | - | 2980 |
| 2018-19 | 7 | 14280 | - | 14280 |
| ആകെ. | | 46185 | 13150 | 33035/- |

ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 33035/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള

## നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക കണക്ക് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ യൂണിയൻ ബാങ്ക്, കാർത്തികപ്പള്ളി ശാഖയിൽ 10-12-2014 – ൽ ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (A/C NO:617702010010998) നിഷ്ക്രിയമായി നിലനിൽക്കുന്നു. 26.12.2016 വരെ മാത്രമേ അക്കൗണ്ടിൽ ഇടപാടുകൾ നടന്നിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15) സെക്രട്ടറി നൽകിയ മറുപടിയിൽ 2013/14 കാലയളവിൽ മുതുകുളം സബ് ട്രഷറിയിൽ ബാങ്കിംഗ് ട്രഷറി (ബാങ്കുമായി ബന്ധപ്പെട്ട് ഇടപാട് നടത്തുന്ന സംവിധാനം) സംവിധാനമാണ് ഉണ്ടായിരുന്നതെന്നും ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേകം അക്കൗണ്ട് ആരംഭിക്കണം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചതെന്നും ഇപ്പോൾ ട്രഷറിയിൽ നോൺ-ബാങ്കിംഗ് സംവിധാനം നിലവിലുള്ളതിനാലാണ് ടി അക്കൗണ്ട് നിഷ്ക്രിയമായി കിടക്കുന്നതെന്നുമാണ് വ്യക്തമാക്കിയത്. ഈ സാഹചര്യത്തിൽ നിഷ്ക്രിയമായ ടി അക്കൗണ്ട് ക്ലോസ് ചെയ്തു ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി പിരിവിൽ വീഴ്ച –6,43,705/- ലക്ഷം കുടിശ്ശിക

2018-19 വർഷത്തെ വസ്തുനികുതിയിനത്തിൽ (ലൈബ്രറി സെസ് ഉൾപ്പെടെ) 6,43,705/- ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നു. (കറണ്ട് കുടിശ്ശിക – 2,40,841/-രൂപ, അരിയർ കുടിശ്ശിക- 4,02,864/-രൂപ) പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനമായ വസ്തുനികുതിയിനത്തിലെ കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ സത്വര നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-16 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര / സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.<u>ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇതിനാൽ ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നമ്പർ, ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ലൈസൻസ് ഫീസ് എന്നിവ ക്രോഡീകരിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും തനതു വരുമാനങ്ങൾ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി, പഞ്ചായത്തിന്റെ ധനസ്ഥിതി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടവും നിർദ്ദേശവുമുണ്ടാകേണ്ടതാണ്.

2. <u>ഗ്രാമ പഞ്ചായത്ത് പരിധിയിൽ കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു</u>

<u>(ഓഡിറ്റ് എൻക്വയറി നം.11ന് സെക്രട്ടറി നൽകിയ മറുപടിയിൽ നിന്നുമുള്ള വിവരങ്ങൾ)</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടേയും, റേഷൻ കടകളുടേയും വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11) സെക്രട്ടറി നൽകിയ മറുപടി പ്രകാരം 2 കള്ളുഷാപ്പുകളും 8 റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ഒന്നും ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുകൾ, റേഷൻ കടകൾ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 ഓഡിറ്റ് ഇംപാക്ട് സ്ഥാപനനികുതി,മോട്ടർ റണ്ണിംഗ് ഫീസിനങ്ങളിൽ 1700/-രൂപ അടവാക്കി

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി, മോട്ടോർ റണ്ണിംഗ് ഫീസിനങ്ങളിൽ 1700/- രൂപ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് അടക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോൽപ്പാദക സഹകരണസംഘം നം.74 ഡി അപ്പ്കോസിന്റെ 2018-19 രണ്ടാം അർദ്ധ വർഷത്തിലെ സ്ഥാപനനികുതി ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11 തീയതി.17.08.2019) നൽകിയതിനെ തുടർന്ന് സ്ഥാപന നികുതിയിനത്തിൽ 1325/- രൂപ (ഫൈൻ ഉൾപ്പെടെ) രസീത് നം.11901010146‌1,തീയതി.20.08.2019 പ്രകാരം പഞ്ചായത്തിൽ ഒടുക്കുകയുണ്ടായി.

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് പൂർണ്ണമായും ഈടാക്കിയിട്ടില്ലായിരുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11 തീയതി. 17.08.2019) നൽകിയതിനെ തുടർന്ന് കുറവ് വന്ന തുക പഞ്ചായത്തിൽ ഒടുക്കി.

1.വാർഡ് 11 കെട്ടിട നം-274ൽ പ്രവർത്തിക്കുന്ന പാർവ്വതി ഫുഡ്സ് & ബിവറേജസ് എന്ന സ്ഥാപത്തിൽ നിന്നും 2018-19 വർഷം മോട്ടോർ റണ്ണിംഗ് ഫീസിനത്തിൽ 200/-രൂപ കുറവാണ് ഈടാക്കിയിരുന്നത്. കുറവ് വന്ന തുക 250/- രൂപ (ഫൈൻ ഉൾപ്പെടെ) രസീത് നം.11901010144‌9/തീയതി.20.82019 പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

2.വാർഡ് 8, കെട്ടിട നം-302 ഷീജാബീഗത്തിന്റെ ഉടമസ്ഥതയിലുള്ള തടിമില്ലിൽ നിന്നും 2018-19 വർഷം മോട്ടോർ റണ്ണിംഗ് ഫീസിനത്തിൽ 100/-രൂപ കുറവാണ് ഈടാക്കിയിരുന്നത്. കുറവ് വന്ന തുക 125/- രൂപ (ഫൈൻ ഉൾപ്പെടെ) രസീത് നം.119010101454 തീയതി.20.8.2019 പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

# 1-19 മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ അധിക ചെലവ്- ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 11770/- രുപ തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട്

2018-19 വർഷം അസിസ്റ്റന്റ് എൻജീനിയർ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ സാങ്കേതിക നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക വഴി അധികചെലവുണ്ടായതായി കണ്ടെത്തിയതിനെ തുടർന്ന് 11770/- രൂപ തിരിച്ചടച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ഉണ്ടിൽ- താമരശ്ശേരി റോഡ് സംരക്ഷണത്തിന് ഓട നിർമ്മാണം</u>

പ്രോജക്ട് നം.-111/19

കരാറുകാരൻ- ശ്രീ.ആർ.സുധീഷ്

എസ്റ്റിമേറ്റ്- 343000/-

എഗ്രിമെൻറ് നം.- 2/8-1-18

അളവുപുസ്തകം നം.- 110/17-18

08-08-18 ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ ടെണ്ടർ വ്യതിയാനമായി 21459/- രൂപ കുറവ് ചെയ്തശേഷം ആദ്യ പാർട്ട് ബിൽ ആയി 93000/- രൂപയും (ബിൽ നം.13/30-05-2018) ഫൈനൽ ബിൽ തുകയിനത്തിൽ 218677/- രൂപയും (ബിൽ നം-18/13-02-2019) പിൻവലിച്ചിട്ടുണ്ട്. അളവ് പുസ്തക പ്രകാരം ടെണ്ടർ കുറവ് കഴിച്ച് തുക പിൻവലിക്കേണ്ടിയിരുന്നത് 308677/- രൂപ ആയിരുന്നുവെങ്കിലും ടി ബില്ലുകൾ പ്രകാരം 311677/- രൂപ പിൻവലിച്ചു. ഇതിൻ മേൽ വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.3/7-8-19) അധികം പിൻവലിച്ച 3000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി തിരിച്ചടച്ചു (രസീത് നം. 119010101442/ 19-08-19)

2.<u>വലിയതുറ- മാളിയേക്കൽ റോഡ് മെറ്റലിംഗ് ടാറിംഗ്</u>

പ്രോജക്ട് നം.-107/19

കരാറുകാരൻ- ശ്രീ.സോമരാജൻ

എസ്റ്റിമേറ്റ്- 564000/-

എഗ്രിമെൻറ് നം.- 13/2-2-18

അളവുപുസ്തകം നം.- 113/17-18

526673/- രൂപ മൂല്യനിർണ്ണയം നടത്തിയ ഈ പ്രവൃത്തിയുടെ നികുതികൾ, ബാരൽവില എന്നീ ഇനങ്ങളിൽ 16088/- രൂപ കുറവ് ചെയ്ത് ശേഷിച്ച തുക കരാറുകാരന് നൽകിയിട്ടുണ്ട്. (ബിൽ നം.-16/13-9-18) അളവുപുസ്തകം പ്രകാരം ആദ്യയിനമായി നടത്തിയ Construction of subgrade and earthen shoulders എന്ന പ്രവൃത്തി 10% ടേപ് മെഷർമെന്റ് റിഡക്ഷനശേഷം 29.7 എം$^3$ നടത്തിയതായാണ് രേഖ (പേജ്-3). എന്നാൽ മൂല്യനിർണ്ണയം നടത്തിയപ്പോഴാകട്ടെ 33 എം$^3$ ന് 499/എം$^3$ നിരക്കിൽ 16467/- രൂപ കരാറുകാരന് അനുവദിച്ച് നൽകി. അനുവദനീയമായ തുക 14820/- രൂപ മാത്രമായിരുന്നു (29.7x499). അധികം തുക അനുവദിച്ചതിനുമേൽ വിശദീകരണം ആവശ്യപ്പെട്ടു എൻക്വയറി നൽകിയതിനെ തുടർന്ന് അധികം പിൻവലിച്ച 1647/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി തിരിച്ചടച്ചു (119010101437/19-8-19).

3.ഹൈടെക്ക് അങ്കണവാടി നിർമ്മാണം

പ്രോജക്ട് നം.-141/19

കരാറുകാരൻ- ശ്രീ.പി.ജയചന്ദ്രൻ

എസ്റ്റിമേറ്റ്- 195000/-

എഗ്രിമെൻറ് നം.-12/30-01-19

അളവുപുസ്തകം നം.- 28എ/18-19

എസ്റ്റിമേറ്റിനേക്കാൾ 2% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയാണ് കരാറുകാരൻ 11-01-2019-ൽ ടെണ്ടർ സമർപ്പിച്ചിരുന്നത്. 25/03/2019-ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് 195000/- രൂപ മൂല്യം നിർണ്ണയിക്കുകയും ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് 95000/- രൂപ തനത് ഫണ്ടിൽ നിന്നും, (ചെക്ക് നം- 2704202/29/03/2019) ശേഷിച്ച തുക മെയിൻറനൻസ് ഗ്രാൻറിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയതിനുമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 3900/- രൂപ തിരികെ ഈടാക്കി രസീത് ഹാജരാക്കി (രസീത് നം.- 11901010436/19-08-19)

4. <u>കാരിശ്ശേരിൽ- പഞ്ചായത്ത് ഓഫീസ് റീടാറിംഗ്</u>

പ്രോജക്ട് നം.-100/19

കരാറുകാരൻ- ശ്രീ.സോമരാജൻ

എസ്റ്റിമേറ്റ്- 8,11,000/-

എഗ്രിമെൻറ് നം.- 12/02-02-2018

അളവുപുസ്തകം നം.- 2/17-18

ഈ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ 1532/- രൂപ Lumpsum ആയി ഉൾപ്പെടുത്തിയിരുന്നു. 811000/- രൂപ ആകെ തുക രേഖപ്പെടുത്തിയ എസ്റ്റിമേറ്റിൽ 809468/- രൂപയാണ് പ്രവൃത്തിയുടെ വിവിധ ഇനങ്ങൾക്കായി വകയിരുത്തിയിരുന്നത്. എന്നാൽ കരാറുകാരൻ ചെയ്ത പ്രവർത്തിക്ക് 811000/- രൂപ മൂല്യം നിർണ്ണയിക്കുകയും നികുതികൾ, ബാരൽ വില എന്നീ ഇനങ്ങളിൽ 23942/-രൂപ കുറവ് ചെയ്ത് കരാറുകാരന് ശേഷിച്ച തുക നൽകുകയാണുണ്ടായത്. Lumpsum ആയി ഉൾപ്പെടുത്തിയ 1532/- രൂപയ്ക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത മറ്റേതെങ്കിലും പ്രവൃത്തി നടത്തിയതായി രേഖയില്ല. ഇതുൾപ്പെടെയുള്ള തുക കരാറുകാരന് അനുവദിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് 1532/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി തിരിച്ചടച്ചു. (രസീത് 119010101437- 19/08/19)

<u>5.ഗ്രാമപഞ്ചായത്ത് ഓഫീസ് സ്റ്റെയർ നിർമ്മാണം</u>

പ്രോജക്ട് നം-113/19

കൺവീനർ- ശ്രീ.നിയാസ്.കെ.എൻ

എഗ്രിമെന്റ് നം.- 20 എ/27/03/2017

**അളവുപുസ്തകം നം.- 78/15-1**

49951/- രൂപ മൂല്യനിർണ്ണയം നടത്തിയ ഈ പ്രവൃത്തിയുടെ നികുതികൾ കുറവ് ചെയ്ത് ശേഷിച്ച 47853/- രൂപ കൺവീനർക്ക് നൽകി (ബിൽ നം-03/29-05-2018) പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന 5 ഇനങ്ങളിൽ ക്രമ നം. 2 മുതൽ 5 വരെയുള്ളവ ഉപേക്ഷിക്കുകയും 3 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഇപ്രകാരം പുതുതായി ഉൾപ്പെടുത്തിയ Solid block Masonary size 40x20x20 (specification code 50-6-1-1) എന്ന ഇനത്തിന് (0.483m$^3$) ഗുണഭോക്തൃസമിതിക്ക് അനുവദിക്കാവുന്ന നിരക്ക് 4886.65/ എം$^3$ആണെങ്കിലും കരാറുകാരുടെ നിരക്കായ 5227.55/എം$^3$ അനുവദിച്ചതായാണ് രേഖ. ഇതുവഴി 1371/-

രൂപയുടെ അധിക ചെലവുണ്ടായി. കൂടാതെ രണ്ടാമതായി ഉൾപ്പെടുത്തിയ Provoding wood work on frames of doors..... (specification code – 50-09-1-1) എന്ന ഇനത്തിന് ($0.483m^3$) ഗുണഭോക്തൃസമിതിക്ക് അനുവദിക്കാവുന്ന നിരക്ക് 95173.88/എം$^3$ ആണെങ്കിലും കരാർ നിരക്കായ 101813.81/എം$^3$ അനുവദിക്കുകവഴി 320/-രൂപയുടെയും അധിക ചെലവുണ്ടായി. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ 1691/- രൂപ തിരിച്ചടച്ച് രസീത് ഹാജരാക്കി (നം. 294261/19-08-19).

പഞ്ചായത്തു ഫണ്ടിൽ ഒടുക്കിയ 11770/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തീറ്റപ്പുൽ കൃഷിയ്ക്കായി ഏറ്റെടുത്ത പ്രവൃത്തികളിൽ ക്രമപ്രകാരമല്ലാത്ത ചെലവ്

ഗ്രാമപഞ്ചായത്തിന്റെ 13 വാർഡുകളിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിലേക്കായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 26 പ്രവൃത്തികൾ 2018-19 വർഷം നടപ്പാക്കിയിരുന്നു. (വാർഡ് ഒന്നിന് 2 പ്രവൃത്തികൾ വീതം) പ്രസ്തുത പ്രവൃത്തികൾക്കായി 71,92,882/- രൂപ തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷിക്കായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 5 ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതു സംബന്ധമായി ഹാജരാക്കിയ ഫയൽ പ്രകാരം തീറ്റപ്പുൽകൃഷി നടത്തിയതായി പറയുന്ന സ്ഥലവിസ്തൃതിയുടെ അനേകമടങ്ങ് Clearing jungle.......... (item code 2-31-@$4.55/m^2$) Surface dressing..... (item code 2-28-1-@ $8.83/m^2$) എന്നീ പ്രവൃത്തികൾ ആദ്യ രണ്ട് ഇനങ്ങളിലായി നടത്തിയെന്ന് രേഖപ്പെടുത്തി തുക പിൻവലിച്ചിട്ടുണ്ട്. ഓരോ വർക്കിന്റെയും ആകെ ചെലവിന്റെ 80 ശതമാനത്തിന് മേൽ വരുന്ന തുക ഈ രണ്ട് ഇനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് | ചെലവ് | സൈറ്റ് ക്ലിയറൻസ് നടത്തിയ വിസ്തൃതി ($M^2$) | സർഫസ് ഡ്രസിംഗ് നടത്തിയ വിസ്തൃതി ($M^2$) | തീറ്റപ്പുൽ കൃഷി നടത്തിയ വിസ്തൃതി ($M^2$) | അളവ് പുസ്തക നം. |
|---|---|---|---|---|---|---|---|
| 1 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് വാർഡ്-11 | 308040 | 303268 | 20000 | 20000 | 912 | 11/18-19 |
| 2 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് വാർഡ്-12 | 308040 | 301371 | 20000 | 20000 | 846 | 12/18-19 |
| 3 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് വാർഡ്-7 | 308040 | 302726 | 20000 | 20000 | 900 | 07/18-19 |
| 4 | ക്ഷീരകർഷകർക്കായി | 308040 | 302726 | 20000 | 20000 | 900 | 01/18-19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | തീറ്റപ്പുൽകൃഷി വരവ് വാർഡ്-1 | | | | | | |
| 5 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് വാർഡ്-4 | 308040 | 302726 | 20000 | 20000 | 900 | 4/18-19 |
| 6 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് വാർഡ്-2 | 308040 | 300287 | 20000 | 20000 | 900 | 02/18-19 |
| 7 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് ഭാഗം-2 വാർഡ്-11 | 262846 | 257740 | 15000 | 15000 | 1200 | 17എ/17-18 |
| 8 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് ഭാഗം-2 വാർഡ്-13 | 262846 | 255843 | 15000 | 15000 | 1200 | 20എ/17-18 |
| 9 | ക്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി വരവ് ഭാഗം-2 വാർഡ്-2 | 262846 | 257740 | 15000 | 15000 | 1200 | 21/18-19 |

തീറ്റപ്പുൽകൃഷി നടത്തിയ സ്ഥലത്തിന് ആനുപാതികമല്ലാതെ പ്രസ്തുത പ്രവൃത്തികൾ നടത്തിയതായി കാണിച്ച് തുക പിൻവലിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (No.12/17-8-19) തീറ്റപ്പുൽകൃഷി ചെയ്യുന്ന ഭാഗം മാത്രമായി Site clearance, Surface clearance എന്നിവ ചെയ്യുമ്പോൾ വളരെ കുറച്ച് മാനുഷികദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെടുന്നതെന്നതിനാൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനായാണ് ഇപ്രകാരം പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്ന് അക്രഡിറ്റഡ് എൻജിനീയർ മറുപടി നൽകി. തീറ്റപ്പുൽകൃഷി നടത്തുന്നതിനായി മാത്രം തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്യാത്ത സ്ഥലം സൈറ്റ് ക്ലിയറൻസ്, സർഫസ് ഡ്രസ്സിംഗ് എന്നിവ നടത്തിയതായി കാണിച്ച് വലിയ തുക പിൻവലിച്ച നടപടി ക്രമപ്രകാരമല്ല. ആകയാൽ ടി വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 1-21 ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം-പ്രവൃത്തിയുടെ പൂർത്തീകരണത്തിനുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

ചിങ്ങോലി ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി 2016-17 വർഷം അംഗീകാരം വാങ്ങിയ പ്രോജക്ടിന്റെ നിർവ്വഹണം (നം.96/17) 22/03/2017 ലെ പഞ്ചായത്തുകമ്മിറ്റി ശ്രീ.വി.വിനോദ് എന്ന

കരാറുകാരനെ ഏൽപിച്ചിരുന്നു. (തീരുമാനം 1(1)) ടിയാൻ 23.03.2017 ൽ എഗ്രിമെന്റ് വച്ചതിനെ തുടർന്ന് (നം.19/23-03/2017) അന്നേ തീയതിയിൽ തന്നെ സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. 24/07/2017 വരെ നടത്തിയ പ്രവൃത്തികൾക്ക് ഒന്നാം പാർട്ട് ബിൽ ആയി നികുതികൾ കഴിച്ച് 571388/- രൂപയും 28/12/2017 വരെ നടത്തിയ പ്രവൃത്തികൾക്ക് രണ്ടാം പാർട്ട് ബിൽ ഇനത്തിൽ നികുതികൾ കഴിച്ച് 12,00,128/- രൂപയും കരാറുകാരന് നൽകിയിരുന്നു. തുടർന്ന് 05/03/2018 – ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ ആകെ മൂല്യം 26,72,778/- തുകയായി നിർണ്ണയിച്ച് താഴെപ്പറയുംപ്രകാരം കുറവുകൾ വരുത്തി കരാറുകാരന് 751280/- രൂപ നൽകിയതായാണ് രേഖ (ബിൽ നം. 5/29-05-2018).

വർക്കിന്റെ ആകെ മൂല്യം - 2672778

<u>ഒന്നും രണ്ടും പാർട്ട്ബില്ലുകൾ പ്രകാരമുള്ള കുറവ് - 1906166</u>

ആകെ- 766612
കുറക്കുക

ആദായനികുതി - 7666

<u>നിർമ്മാണ തൊഴിലാളിക്ഷേമനിധി - 7666</u>

കരാറുകാരന് നൽകിയ തുക - 751280/-
പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ പിഴ ഈടാക്കുന്നതു സംബന്ധമായി 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്കുപകരം പഴയ വ്യവസ്ഥകളാണ് എഗ്രിമെന്റിൽ ക്രമ നം. 7 ആയി ഉൾക്കൊള്ളിച്ചിട്ടുള്ളത്.
2)എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 150 ദിവസം ആയിരുന്നു. കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി സമയബന്ധിതമായി നടത്താതിരുന്നതിനെ തുടർന്ന് കാലതാമസം വരുത്താതെ Supplimentary Agreement വെച്ച് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുവാനും, അല്ലാത്തപക്ഷം കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ വർക്ക് പൂർത്തീകരിച്ചത് 05/03/2018 - ൽ മാത്രമാണ് പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിലേക്ക് മതിയായ കാരണം ചൂണ്ടിക്കാട്ടി കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥന് അപേക്ഷ സമർപ്പിച്ചതായോ ഇതിൻമേൽ നിർവ്വഹണഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തു കമ്മിറ്റി ടിയാന് നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ചു നൽകിയതായോ രേഖയില്ല. എന്നിട്ടും കരാറുകാരനിൽ നിന്നും പൂർത്തീകരണത്തിനായുള്ള കാലതാമസത്തിനുള്ള പിഴയിനത്തിൽ തുകയൊന്നും ഈടാക്കിയില്ല. എഗ്രിമെൻറ് പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി – 20/08/2017
പൂർത്തീകരിച്ച തീയതി – 05/03/2018

അനുവദിക്കാവുന്ന ഗ്രേസ് പീരീഡ് (20%)- 30 ദിവസം- 19/09/2017 വരെ
20/09/2017 മുതൽ 19/12/2017 വരെ പിഴ (1%)-26728/-
20/12/2017മുതൽ 05/03/2018 വരെ പിഴ (2%)-2672778x76/90x2%= 45140/-

കരാറുകാരനിൽ നിന്നും ആകെ ഈടാക്കേണ്ടിയിരുന്ന പിഴ- 26728+ 45140 =71868/-
3.കെട്ടിടനിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഇലക്ട്രിഫിക്കേഷന് നടത്താത്തതുമൂലം കെട്ടിടം നിർദ്ദിഷ്ടാവശ്യത്തിനായി ഉപയോഗപ്പെടുത്തുവാൻ ഓഡിറ്റ് സമയത്തും കഴിഞ്ഞിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം. 6/09-08-2019) കെട്ടിടത്തിന്റെ നിർമ്മാണവേളയിൽ ആദ്യപാർട്ട് ബില്ലിനുശേഷം ചില മാറ്റങ്ങൾ ഉണ്ടായതായും ആയത് അംഗീകരിക്കുവാൻ കാലതാമസം ഉണ്ടായതായും അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. ഫയലിൽ സമയാസമയങ്ങളിൽ വേണ്ട റിപ്പോർട്ടുകൾ ഉൾപ്പെടുത്താൻ കഴിയാതെ പോയത് അസിസ്റ്റന്റ് എൻജിനീയർക്ക് രണ്ടു പഞ്ചായത്തിന്റെ ചുമതല ഉണ്ടായിരുന്നതുകൊണ്ടും ക്ലർക്കിന്റെ സഹായം ലഭ്യമാകാതെ പോയതു കൊണ്ടു മാത്രമാണെന്നുമാണ് ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ആദ്യപാർട്ട് ബിൽ 7/17 ലാണ് തയ്യാറാക്കിയിട്ടുള്ളത്. എഗ്രിമെൻറ് പ്രകാരം വർക്കിന്റെ പൂർത്തീകരണ തീയതിക്ക് ഒരു മാസം മുൻപുവരെയും പ്രവൃത്തി പ്രാഥമികഘട്ടത്തിൽ തന്നെയായതുകൊണ്ടാണ് നിർവ്വഹണഉദ്യോഗസ്ഥൻ കരാറുകാരന് കത്തയച്ചിട്ടുള്ളത്. ഇതിൽ നിന്നും പ്രവൃത്തി നിർവ്വഹണ സംബന്ധമായി കരാറുകാരന്റെ വീഴ്ച വ്യക്തമാണ്. കൂടാതെ ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വർദ്ധിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ, പഞ്ചായത്തു കമ്മിറ്റി ആയതു പരിഗണിച്ച് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്യാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പിഴ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്. ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 തെരുവു വിളക്കു പരിപാലനം - പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തി

പ്രോജക്റ്റ് നം : 84 / 19

അടങ്കൽ : 460000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സ്പിൽ ഓവർ പദ്ധതിയായി ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 310000/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും, 150000 രൂപ ലേബർ ചാർജ്ജ്, വാഹന ചാർജ്ജ് എന്നിവയ്ക്കായും വകയിരുത്തിയിരുന്നു. അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത്. പദ്ധതിയ്ക്കായി ആകെ 352030/- രൂപ ചെലവഴിച്ചിട്ടുണ്ട്. അടാട്ട് മാതൃകയിൽ തെരുവു വിളക്കുകളുടെ പരിപാലനം നടത്തുന്നതിനു ജി2-44274/15 തീയതി:17-08-15 നം. ഉത്തരവു പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്കുകളുടെയും അനുബന്ധ സാധനങ്ങളുടെയും വിതരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ റ്റി.എസ്. ഹരിലാൽ, തുറവശ്ശേരിൽ, ചിങ്ങോലി എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ടിയാൻ 24-03-18 ൽ വിതരണം ചെയ്ത (ഇൻവോയ്സ് നം.1/24-03-18) 16 ഇനം സാധനങ്ങൾ തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നു രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ പേജ് നം. 4 മുതൽ 64 വരെ ചേർത്തിട്ടുണ്ട്. ബില്ലിലെ ക്രമ നം. 1 മുതൽ 8 വരെയുള്ള ഉപകരണങ്ങൾ വിവിധ വാർഡുകളിലേക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ആരാണ് കൈപ്പറ്റിയതെന്നുള്ള വിവരം ഇല്ല. നീക്കിയിരുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല, ക്രമ നം. 9 മുതൽ 16 വരെയുള്ള ലാഡർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ പേജ് നം. 64 ൽ ചേർത്തിട്ടുണ്ട്. ടി ഉപകരണങ്ങൾ കരാർ തൊഴിലാളികൾക്കു നൽകിയതായി ഓഡിറ്റിൽ അറിയിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല. ഓഡിറ്റ് അന്വേഷണം (നം.8/17-08-19) നൽകിയതിനു ശേഷമാണ് ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ നടത്തിയിട്ടുള്ളത്.

2. കേടായ സാധനങ്ങളുടെ വിവരം ചേർക്കുന്നതിനായി 'രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്' സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ തിരികെ ലഭിച്ച തീയതികൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. തിരികെ ലഭിച്ചിട്ടുള്ള സാധനങ്ങളുടെയും തൻവർഷം ചെലവഴിച്ച ഉപകരണങ്ങളുടെയും എണ്ണം തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.
3. തെരുവു വിളക്കുകൾ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആകെ 7 പരാതികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
4. തെരുവു വിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് മോണിട്ടറിംഗ് സമിതികൾ പ്രവർത്തിച്ചതിന്റെ രേഖകൾ ലഭ്യമല്ല. തെരുവു വിളക്കുകൾ മെയിന്റനൻസ് നടത്തിയ ഇനത്തിൽ 3 ബില്ലുകളിലായി പോൾ ഒന്നിനു 75 രൂപ ക്രമത്തിൽ 45450/- രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരനായ സുഭാഷ്.എസ് ഹാജരാക്കിയിട്ടുള്ള തെരുവു വിളക്കു പരിപാലനത്തിന്റെ മോണിട്ടറിംഗ് സാക്ഷ്യപത്രങ്ങളിൽ, നോഡൽ ഓഫീസർ, വാർഡ് മെമ്പർ ഉൾപ്പെടെയുള്ള മോണിട്ടറിംഗ് സമിതി അംഗങ്ങൾ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.
5. പൊതു ജനങ്ങൾ, വാർഡ് മെമ്പർമാർ എന്നിവർ വാങ്ങി നൽകിയ ലൈറ്റുകൾ സ്ഥാപിച്ചതായി കാണിച്ച് (ഉദാ: 14-09-18 വാർഡ് -11, വാർഡ് -3 ) കരാറുകാരനു മെയിന്റനൻസ് ചാർജ്ജ് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിയോഗം കാണിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നോഡൽ ഓഫീസർ, വാർഡ് മെമ്പർമാർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
6. പദ്ധതിയുടെ വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ വിവരിച്ചതിൽ നിന്നും തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി വിലയിരുത്താവുന്നതാണ്. ഈ വിഷയത്തിൽ വിശദമായ പരിശോധന നടത്തി ന്യൂനതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ പദ്ധതി നിർവ്വണം കാര്യക്ഷമമാക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനു ശുപാർശ ചെയ്യുന്നു.

**<u>ചെലവു വിവരം</u>**

| ബിൽ നം. | തുക |
|---|---|
| 37/18-19/18.05.18 | 306580 |
| 324/18-19/21.08.18 | 6075 |
| 655/18-19/24.12.18 | 31875 |
| 952/18-19/12.03.19 | 7500 |
| ആകെ | 352030 |

# 1-23 പോത്തുകുട്ടി വിതരണം - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രോജക്ട് നം : 43/19

അടങ്കൽ : 312000 (വികസന ഫണ്ട് ജനറൽ - 156000

ഗുണഭോക്തൃവിഹിതം - 156000 )

2018-19 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ 'പോത്തുകുട്ടി വിതരണം' എന്ന പദ്ധതിയിൽ, 26 വനിതകൾക്കു 50 % സബ്സിഡി നിരക്കിൽ 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിനായി 312000 രൂപ വകയിരുത്തിയിരുന്നു. പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിനു

ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്യാം കുമാർ, ശാലിനി ഭവനം, ചിങ്ങോലി എന്ന വ്യക്തിയുടെ 11750 നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും 26 പോത്തുകുട്ടികളെ വിതരണം നടത്തിയതിന്റെ വിലയായ 305500/- രൂപ അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1) പോത്തുകുട്ടികളെ വാങ്ങുന്നതിനു ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചില്ല.

2)26 ഗുണഭോക്താക്കളിൽ 16 ഗുണഭോക്താക്കൾ മാത്രമാണ് പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുള്ളത്. ചുവടെ ചേർക്കുന്ന 10 ഗുണഭോക്താക്കൾ പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെയോ കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | സുലോചന, കുന്നേൽ വടക്കതിൽ |
| 2 | ഫാത്തിമാ ബീവി, മുട്ടോലിൽ കിഴക്കതിൽ |
| 3 | രാധാമണി, കണ്ണൻ ഭവനം |
| 4 | പ്രിയ, പ്രിയാ ഭവനം |
| 5 | സുമതിയമ്മ, കോട്ടയ്ക്കാട്ട് |
| 6 | സുമതി , ശാലിനി ഭവനം |
| 7 | യശോദ, തയ്യിൽ വടക്കതിൽ |
| 8 | പങ്കജാക്ഷി, പുത്തൻകണ്ടത്തിൽ |
| 9 | രഞ്ജിത്, ശ്രീനിലയം |
| 10 | മുംതാസ്, കാട്ടിശ്ശേരിൽ പടീറ്റതിൽ |

3) രഞ്ജിത്, ശ്രീനിലയം, വാർഡ് 9എന്ന വ്യക്തിയിൽ നിന്നും രശീത് നം. 14321/86/10-01-19 പ്രകാരം 5875/- രൂപ ഗുണഭോക്തൃ വിഹിതം സ്വീകരിച്ചിട്ടുണ്ട്. വനിതകൾക്കായുള്ള പദ്ധതിയിൽ ടിയാനെ ഉൾപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ടിയാന്റെ അപേക്ഷ, മറ്റ് അർഹതാ രേഖകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

4) പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 2/07-08-19 ) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ മുകളിൽ പ്രതിപാദിച്ചിട്ടുള്ള 10 ഗുണഭോക്താക്കൾ ഉരുവിനെ കൈപ്പറ്റിയതായി അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ

അപേക്ഷയിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. മറുപടിയോടൊപ്പം രഞ്ജിത് എന്ന വ്യക്തിയുടെ ഭാര്യയുടെ തിരിച്ചറിയൽ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അപേക്ഷ, ഉരുവിനെ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മൃഗസംരക്ഷണവും ക്ഷീരവികസനവും ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതിയുടെ വിലയിരുത്തൽ 30-03-2019 – ൽ നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ കൺവീനറായ വെറ്ററിനറി സർജൻ പങ്കെടുത്തിട്ടില്ല. 4 അംഗങ്ങൾ മാത്രമാണ് യോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയതൊഴിച്ചാൽ പദ്ധതികളുടെ നേട്ട കോട്ടങ്ങൾ സംബന്ധിച്ച ആധികാരികമായ വിലയിരുത്തലുകൾ നടത്തിയതായി കാണുന്നില്ല. മേൽ പരാമർശിച്ച കാര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് വിശദമായ പരിശോധന നടത്തേണ്ടതും പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച 10 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച വികസനഫണ്ട് വിഹിതം 58750 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

**<u>ചെലവു വിവരം</u>**

| | |
|---|---|
| ബിൽ നം. 11/18-19 / 28 /01/19 | 152750 |
| ചെക്ക് നം. 67321898241/25/01/19 | 152750 |
| ആകെ | 305500 |

# 1-24 മൃഗാശുപത്രിയ്ക്കു മരുന്നു വാങ്ങൽ -സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

പ്രോജക്റ്റ് നം : 46/19

അടങ്കൽ : 59000 (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)

2018 -19 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ, 'മൃഗാശുപത്രിയ്ക്കു മരുന്ന് ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 59000/- രൂപയുടെ വിവിധ ഇനം മരുന്നുകൾ വാങ്ങിയിരുന്നു. പ്രസ്തുത മരുന്നുകൾ കൃഷ്ണ ഏജൻസീസ്, മുതുകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. 15 ഇനം മരുന്നുകളാണ് പ്രസ്തുത സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളത്. (ഇൻവോയ്സ് നം. A-225/12/11/18). ലഭിച്ച മരുന്നുകൾ 'രജിസ്റ്റർ ഓഫ് പേറ്റന്റ് ഡ്രഗ്സ് vol.6 ' എന്ന രജിസ്റ്ററിലാണ് ചേർത്തിട്ടുള്ളത്. എന്നാൽ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ഉപയോഗത്തിനായി കുറവു വരുത്തിയിട്ടുള്ളതും, വർഷാന്ത്യ നീക്കിയിരുപ്പും വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മൃഗസംരക്ഷണവും ക്ഷീരവികസനവും ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതിയുടെ വിലയിരുത്തൽ 30-03-2019 – ൽ നടത്തിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ കൺവീനറായ വെറ്ററിനറി സർജ്ജൻ പങ്കെടുത്തിട്ടില്ല. 4 അംഗങ്ങൾ മാത്രമാണ് യോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ള തായി രേഖപ്പെടുത്തിയതൊഴിച്ചാൽ പദ്ധതികളുടെ നേട്ട കോട്ടങ്ങൾ സംബന്ധിച്ച ആധികാരികമായ വിലയിരുത്തലുകൾ നടത്തിയതായി കാണുന്നില്ല.

മരുന്നുകളുടെ വിനിയോഗം, നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനും, പദ്ധതികൾ സംബന്ധിച്ച വിലയിരുത്തലുകൾ കാര്യക്ഷമമായി നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ചെലവ് വിവരം</u>**

## 1-25 പാലിയേറ്റീവ് കെയർ പദ്ധതി - നൽകിയ തുകക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്റ്റ് നം.61/19

പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾക്കായി കെ.എം.എസ്.സി.എൽ - ന് നൽകിയ 84,200/- രൂപ (ചെക്ക് നം.1599651/15.01.2019) യിൽ 51,300/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/17.08.2019) മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ – ന് കത്ത് നൽകിയിട്ടുള്ളതായി മറുപടി നൽകി. മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നത് വരെ ബാക്കിയുള്ള 32900/- (84200 -51300) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 അഗതി ആശ്രയ പദ്ധതി - ചലഞ്ച് ഫണ്ട് ഉണ്ടായിട്ടും ഭക്ഷണവിതരണം നടന്നില്ല

അഗതി ആശ്രയ പദ്ധതിയുടെ പാസ്ബുക്ക് പ്രകാരം 01.04.2018 ൽ ചലഞ്ച് ഫണ്ടിനത്തിൽ അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക 17,26,055/- രൂപയാണ്. എന്നാൽ 04/2018 ൽ മാത്രമാണ് 2018-19 വർഷം ഭക്ഷണവിതരണം നടന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം. 14/19.08.19) മറുപടി നൽകിയത്. ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ആയി ആകെ എഴുപത്തെട്ട് ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. അഗതിരഹിത കേരളം പദ്ധതിക്കായി തയ്യാറാക്കിയ പുതുക്കിയ ലിസ്റ്റ് പ്രകാരം ഉള്ള ഗുണഭോക്താക്കളുടെ എണ്ണം എൺപത്തിയാറ് ആണ്. അക്കൗണ്ടിൽ തുക ഉണ്ടായിരുന്നിട്ടും 04/2018 – ന് ശേഷം ഭക്ഷ്യധാന്യം വിതരണം ചെയ്തത് ജൂലായ് 2019 - ൽ മാത്രമാണ്. ഭക്ഷണവിതരണം കൂടാതെ 2018-19 വർഷം അഗതികൾക്കായി ഒരു മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. അഗതികൾക്കായി ആവിഷ്കരിച്ച ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ഭൂമി വാങ്ങൽ, തുടങ്ങിയ പദ്ധതികൾ യഥാസമയം നടപ്പാക്കിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

സമൂഹത്തിലെ തികച്ചും നിരാലംബരും അശരണരും ആയ വ്യക്തികളാണ് അഗതി ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിരിക്കെ അക്കൗണ്ടിൽ തുക ഉണ്ടായിരുന്നിട്ടും ഭക്ഷണവിതരണം പോലെ ഏറ്റവും അത്യാവശ്യ സേവനം പോലും നൽകാതിരുന്നത് ഗുരുതര അപാകത ആയി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പരിചരണ സേവന പാക്കേജുകൾ നടപ്പാക്കി പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 സാക്ഷരതാ തുല്യത – ചെലവ് തുക തടസ്സപ്പെടുത്തുന്നു

എച്ച്.എം.ചൂരവിള എൽ പി എസ് നിർവഹണം നടത്തിയ സാക്ഷരതാ തുല്യത പദ്ധതികൾക്കായി [പത്താം തരം തുല്യത (പ്രോജക്റ്റ് നം. 14/19), പന്ത്രണ്ടാം തരം തുല്യത (പ്രോജക്റ്റ് നം. 15/19)] ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ).പത്താം തരം തുല്യത ക്കായി പതിമൂന്ന് പഠിതാക്കൾക്ക് കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഉൾപ്പെടെ 24050/- (1850 x13), രൂപ സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. (ബിൽ നം.5/18-19/22.12.2018)

ബി). പന്ത്രണ്ടാം തരം തുല്യതക്കായി അഞ്ച് പഠിതാക്കൾക്ക് കോഴ്സ് ഫീസ് ആയി 2200/- രൂപയും മൂന്ന് പഠിതാക്കൾക്ക് കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഉൾപ്പെടെ 2500/- രൂപയും ഉൾപ്പെടെ ആകെ 18500/-

(ബിൽ നം.6/18-19/22.12.2018) രൂപയും സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്.

രണ്ടു പദ്ധതികളിലെയും പഠിതാക്കളുടെ അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ തലത്തിലും പരീക്ഷ എഴുതിയവരുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/19.08.19) രണ്ടു പദ്ധതികളുടെയും ക്ലാസ്സുകൾ 2019 ജനവരിയിലാണ് ആരംഭിച്ചതെന്നും നവംബർ 2019 ലാണ് പരീക്ഷകൾ നടത്തുന്നതെന്നും മറുപടി നൽകി. പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ വിവരം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 42550/- (24050 + 18500) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-28 ലൈഫ് ഭവന പദ്ധതി -അവലോകനം

സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കായി തൻവർഷം വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| | ജനറൽ | എസ്.സി | ജനറൽ | എസ്.സി. |
| ഗ്രാമപഞ്ചായത്ത് | 2191428 | 458672 | 2191428 | 386000 |
| ജില്ലാ പഞ്ചായത്ത് | 813331 | 27328 | 784672 | - |
| ബ്ലോക്ക് പഞ്ചായത്ത് | 12,00,000 | 1,00,000 | 12,00,000 | 1,00,000 |
| ലോൺ | 20291341 | - | 7360000 | - |

സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 81 (ജനറൽ - 80, എസ്.സി - 1) ഗുണഭോക്താക്കളിൽ 58 പേരെയാണ് (ജനറൽ - 57, എസ്.സി -1) അർഹരായി തെരഞ്ഞെടുത്തത്. ഇതിൽ 45 പേർ (ജനറൽ -44, എസ്.സി - 1) കരാർ വെച്ച് നിർമ്മാണം ആരംഭിച്ചു. വിവിധ ഗഡുക്കളായി തുക കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു. (31.03.2019 വരെയുള്ളത്)

| ഗഡു | ജനറൽ | എസ്.സി |
|---|---|---|
| ഒന്നാം ഗഡു | 44 | 1 |
| രണ്ടാം ഗഡു | 44 | 1 |
| മൂന്നാം ഗഡു | 44 | 1 |
| നാലാം ഗഡു | - | - |

(സംസ്ഥാന വിഹിതം ലഭിക്കാഞ്ഞതിനാൽ അവസാനഗഡു 31.03.2019 വരെയും നൽകിയില്ല.)

വിവിധ ഘട്ടങ്ങളിലായി ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | ജനറൽ | എസ്.സി |
|---|---|---|
| ബേസ്മെന്റ് പൂർത്തിയാക്കിയവർ | 44 | 1 |

| | | |
|---|---|---|
| ലിന്റൽ | 42 | 1 |
| മേൽക്കൂര പണിത് വാസയോഗ്യമാക്കിയവർ | 17 | - |

നാൽപത്തഞ്ച് പേർ കരാർ വെച്ചതിൽ 17പേരാണ് 31.03.2019 നകം നിർമ്മാണം പൂർത്തിയാക്കിയത്. ഓഡിറ്റ് സമയം വരെ (08/2019) മുപ്പത് പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയതായി വി.ഇ.ഒ അറിയിച്ചു. ബാക്കിയുള്ളവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനൊപ്പം കരാർ വെയ്ക്കാൻ സന്നദ്ധതയുള്ള എല്ലാ പേരെയും ഉൾപ്പെടുത്തി പദ്ധതി വിജയപ്രദമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 9/17.08.19 നുള്ള മറുപടിയിലാണ് വിശദാംശങ്ങൾ നൽകിയത്).

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1400000 | പ്രോജക്ട് നം. 9/19<br>ലൈഫ് ജനറൽ | 1200000 | 200000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000 | പ്രോജക്ട് നം.5/19<br>പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 76025 | പ്രോജക്ട് നം.2/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 76025 | - |
| | | | പ്രോജക്ട് നം.10/19 | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ലൈഫ് എസ്.സി.പി | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പ്രോജക്ട് നം.61/19 പാലിയേറ്റീവ് കെയർ | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 95000 | പ്രോജക്ട് നം.141/19 ഹൈ ടെക്ക് അങ്കണവാടി നിർമ്മാണം | 95000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | പ്രോജക്ട് നം.1/19 അനുപൂരക പോഷകാഹാര വിതരണം അംഗൻവാടികളിൽ | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 28575 | പ്രോജക്ട് നം.02/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 28575 | - |
| | 2018-19 | 47450 | | 47450 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | പ്രോജക്ട് നം.40/19 പകൽ വീട് | - | 1000000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 517331 | പ്രോജക്ട് നം.9/19 ലൈഫ് ഭവന പദ്ധതി-ജനറൽ | 488672 | 28659 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 850000 | പ്രോജക്ട് നം.20/19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 850000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 296000 | പ്രോജക്ട് നം.79/18 ഭവന നിർമ്മാണം (ലൈഫ്) | 296000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 27328 | പ്രോജക്ട് നം.10/19 ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 0 | 27328 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.133/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21800661/ 28.12.2018 | 284152 | - | 382564 |
| | | 21800849/ 19.02.19 | 47008 | | |
| | | 21800850/ 19.02.19 | 51368 | | |
| | | 21800844/ | 36 | | |

| | | | | | |
|---|---|---|---|---|---|
| | | 19.02.19 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പാ തുക | തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 7361647 | 1647 | 7360000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ 43536/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2006-07 | 2-2 | 6375/- | മാനേജർ,പോപ്പുലർ ഫിനാൻസ് | 118010102352/ 17.12.2018 |
| 2010-11 | 3-8 | 2722/- | ശ്രീ. സോമരാജൻ, കോൺട്രാക്ടർ | 118010103033/ 16.01.2019 |
| 2014-15 | 3-1 | 15267/- | ശ്രീമതി.നിള ഹിരൺ അസിസ്റ്റന്റ് എഞ്ചിനീയർ | 118010100117/ 12.04.2018 |
| 2016-17 | 3-2 | 6022/- | ശ്രീ.സനൽകുമാർ കോൺട്രാക്ടർ | 118010100805/ 11.06.2018 |
| 2016-17 | 3-4 | 13150/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി,ആലപ്പുഴ | 118030900133/ 20.03.2019 |
| ആകെ | | 43536/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 1999-2000 | IV.4.13 (ഇ) | ചിപ്പ്സ് ഉപ്പേരി നിർമ്മാണ യൂണിറ്റ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ (2006-08) 12-ാംമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വാങ്ങിയ സാധനങ്ങൾ 19.10.2013-ൽ ലേലം ചെയ്തു. |
| 2 | 2003-04 | 3.4.7.1 | സാക്ഷരത ഫണ്ട് വിഹിതം വനിത റെഡിമെയ്ഡ് യൂണിറ്റിന് വകമാറ്റി നൽകി | ആർ.ആർ നടപടികൾക്കായി ശുപാർശ ചെയ്തിരിക്കുന്നു. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51728123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49171355 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 134200 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ. | **തടസ്സപ്പെടുത്തിയ തുക** | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 58750 | ഡോ.അംബികാദേവി, വെറ്ററിനറി സർജൻ |
| 1-25 | 32900 | ഡോ.ലാലസ്.വി.എസ്, എം.ഒ (പി.എച്ച്.സി) |
| 1-27 | 42550 | ശ്രീമതി.ഗംഗ.പി.എസ്, ഹെഡ്മിസ്ട്രസ്സ് |
| ആകെ. | 134200 | |

**(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 1-20

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അംബികാദേവി, വെറ്ററിനറി സർജൻ | അവധിയിൽ | സാരംഗി, മുതുകുളം സൗത്ത് പി.ഒ 690506 |
| ഡോ.ലാലസ്.വി.എസ്, എം.ഒ (പി.എച്ച്.സി) | എം.ഒ (പി.എച്ച്.സി) ചിങ്ങോലി ഗ്രാമ പഞ്ചായത്ത് | മുട്ടവിള വീട്, മേൽകുളങ്ങര, വയക്കൽ പി.ഒ. |
| ശ്രീമതി.ഗംഗ.പി.എസ്, ഹെഡ്മിസ്ട്രസ്സ് | എച്ച്.എം.,ഗവ.എൽ.പി.എസ്,ചൂരവിള. | ഹരിശ്രീ, ചിങ്ങോലി പി.ഒ., ആലപ്പുഴ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1862/11, തീയതി - 28.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1862/11, തീയതി. 28.01.2012 |
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-11 | എൽ.എഫ്.എ.പി3-652/12/19.09.12/02.11.2012 |
| 2011-12 | എൽ.എഫ്.എ. പി.3-710/14/18.07.2014 |
| 2012-13 | എൽ.എഫ്.എ.പി-11/414/15/03.03.15/07.05.2015 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/പി11-1036/2015, തീയതി – 03.09.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11-766/2016, തീയതി – 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി1-1257/16തീയതി, 02.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി11-861/2017 തീയതി, 06.07.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി7-1203/2018 തീയതി, 17.09.2018 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# <u>അനുബന്ധം.1</u>

നം. കെ.എസ്.എ-എ.എൽ.പി/പി.7-874/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 06.11.2019

ഫോൺ: 0477 2252753

e-mail: ddhglfalpy@gmail.com

**<u>സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം.2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്